**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 330** **08-08-2023 - ൽ മറുപടിയ്ക്ക്**

**കർഷകരിൽ നിന്നും സംഭരിച്ച നെല്ലിന്റെ വില നൽകാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (നെന്മാറ) | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | കഴിഞ്ഞ സീസണിൽ കർഷകരിൽ നിന്നും എത്ര ടൺ നെല്ലാണ് സംഭരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ; | (എ) | ഇപ്പോൾ പൂർത്തിയായ 2022-23 സീസണിൽ ആകെ **7,31,184** മെട്രിക് ടൺ നെല്ല് കർഷകരിൽനിന്നും സംഭരിച്ചിട്ടുണ്ട്. |
| (ബി) | സംഭരിച്ച നെല്ലിന്റെ വില കർഷകർക്ക് ലഭിക്കാത്ത വിഷയം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപെട്ടിട്ടുണ്ട് |
| (സി) | കർഷകരിൽ നിന്നും സംഭരിച്ച നെല്ലിന്റെ വില അടിയന്തരമായി നൽകുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ; | (സി) | ഈ സീസണിൽ സംഭരിച്ച 7,31,184 ടൺ നെല്ലിൽ 15289.5 ടൺ നെല്ലിന്റെ വില ഒഴിച്ച് മറ്റെല്ലാം കൊടുത്തു തീർത്തിട്ടുണ്ട്. നെല്ലിന്റെ വിലയായുള്ള 28.20 രൂപ കൈകാര്യ ചിലവിനത്തിലുള്ള 12 പൈസ എന്നിവ ഉൾപ്പെടെ ആകെ 2070.71 കോടി രൂപയിൽ 737.83 കോടി രൂപ സപ്ലൈക്കോ നേരിട്ട് കർഷകരുടെ അക്കൗണ്ടിലേക്ക് നൽകുകയും 200 കോടി രൂപ കേരള ബാങ്ക് വഴിയും (02.02.2023ലെ സ.ഉ.(സാധാ)നം.44/2023/ F&CS), 700 കോടി രൂപ SBI, Federal Bank, Canara bankഎന്നിവ ഉൾപ്പെട്ട കൺസോർഷ്യം വഴിയും (12.06.2023ലെ സ.ഉ.(സാധാ)നം.236/2023/F&CS) PRS ലോണായും ആകെ 1637.83 കോടി രൂപ നൽകുകയും ചെയ്തിട്ടുണ്ട്. നെല്ലിന്റെ വില, കൈകാര്യ ചിലവ് എന്നിവയുടെ ഇനത്തിൽ കർഷകർക്ക് നൽകാൻ ശേഷിക്കുന്ന 433 കോടി രൂപയിൽ 31/7/2023ലെ സ.ഉ.(സാധാ)നം.327/2023/ F&CS പ്രകാരം 60 കോടി രൂപയും, 02/08/2023ലെ സ.ഉ.(സാധാ)നം.331/2023/ F&CS പ്രകാരം 120 കോടി രൂപയും ചേർത്ത് 180 കോടി രൂപ സർക്കാർ ഇപ്പോൾ അനുവദിച്ചിട്ടുണ്ട്. ശേഷിക്കുന്ന കുടിശ്ശിക നൽകുന്നതിനായി വായ്പ ലഭിക്കുന്നതിന് വേണ്ടി കേരള ബാങ്കുമായും എസ്ബിഐ, കാനറ ബാങ്ക്, ഫെഡറൽബാങ്ക് എന്നിവയുടെ കൺസോർഷ്യവുമായും ചർച്ചകൾ നടത്തി വരുന്നു. |
| (ഡി) | സംഭരിച്ച നെല്ലിന്റെ വില പൂർണ്ണമായും എന്ന് | (ഡി) | (സി) പിരിവിൽ ചേർത്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| | കൊട്ടുത്തുതീർക്കാൻ കഴിയുമെന്ന് അറിയിക്കുമോ? | | |

സെക്ഷൻ ഓഫീസർ